**POLICE** **DEPARTMENT**

**KERALA**

**No. D4(a)-54440/2019/CC**
City Police Office,
Kozhikode
✉cpkkd.pol@kerala.gov.in
📞04952722673
Dated. 13-12-2019

## 06/12/2019 തിയ്യതിയിലെ ലേലപരസ്യത്തിന്റെ തിരുത്ത്

കോഴിക്കോട് ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ ഉള്ളതും കോഴിക്കോട് സിറ്റി സായുധ സേനാ വിഭാഗം ഡെപ്യൂട്ടി കമാണ്ടന്റിന്റെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതുമായ 36 വണ്ടികൾ 03/01/2020 തിയ്യതി രാവിലെ 11 മണിക്ക് ലേലം ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതാണ്. ലേലപരസ്യത്തിലെ ക്രമനമ്പർ 7 ലെ വാഹനം Hero Honda CD 100 Motor Cycle എന്നത് Hero Honda CBZ Motor Cycle എന്നും ക്രമനമ്പർ 8 ലെ വാഹന നമ്പർ KL 01 AF 5370 എന്നത് KL 01 AG 5370 എന്നും തിരുത്തി വായിക്കേണ്ടതാകുന്നു.

George A V IPS
District Police Chief

D4(a)-54440/2019/CC
1ceb6c

പോലീസ് വകുപ്പ്

കേരളം

**<u>Endt No E2-6112/2019/SCRB തീയതി. 07-12-2019</u>**

കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ 06.12.2019 ലെ ലേലപരസ്യം നമ്പർ. D4(a)-54440/2019/CC പകർപ്പ് അറിവിലും അനന്തരനടപടികൾക്കുമായി സിസ്റ്റം അനലിസ്റ്റ് എസ്‌സിആർബിക്കു അയക്കുന്നു.

എൻ സനൽ കുമാർ
ജൂനിയർ സൂപ്രണ്ട്
For Additional Director General of Police
സംസ്ഥാന ക്രൈം റിക്കാർഡ് ബ്യൂറോ, തിരുവനന്തപുരം
adgpscrb.pol@kerala.gov.in
04712317620

Internal Administrative Processing System
iAPS
KERALA POLICE

E2-6112/2019/SCRB
0f994e

**POLICE** **DEPARTMENT**

**KERALA**

**No. D4(a)-54440/2019/CC**
City Police Office,
Kozhikode
✉cpkkd.pol@kerala.gov.in
✆04952722673
Dated. 06-12-2019

**ലേലപരസ്യം**

കോഴിക്കോട് സിറ്റി ജില്ല പോലീസ് മേധാവിയുടെ അധീനതയിലുള്ളതും കോഴിക്കോട് ജില്ല സായുധ സേന വിഭാഗം ഡെപ്യൂട്ടി കമാണ്ടാന്റിന്റെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതുമായ താഴെ പറയുന്ന ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾ 03/01/2020തിയ്യതി പകൽ 11 മണിക്ക് മേൽ പറഞ്ഞ ഓഫീസ് പരിസരത്ത് വെച്ച് പരസ്യമായി ദർഘാസ്/ലേലം വഴി വില്പന നടത്തുന്നതാണ്.

| ക്രമനമ്പർ | രജിസ്ട്രേഷൻനമ്പർ | വാഹന ഇനം | മോഡൽ | നിരതദ്രവ്യം |
|---|---|---|---|---|
| 1 | KL 01X 9721 | Hero Honda CD 100Motor Cycle | 2002 | 2000 |
| 2 | KL 01X 9722 | Hero Honda CD 100Motor Cycle | 2002 | 2000 |
| 3 | KL 01X 9851 | Hero Honda CD 100Motor Cycle | 2002 | 2000 |
| 4 | KL 01X 9852 | Hero Honda CD 100Motor Cycle | 2002 | 2000 |
| 5 | KL 01X 9353 | Tata 709 Open Lorry | 2002 | 45000 |
| 6 | KL 01X 9354 | Tata 709 Open Lorry | 2002 | 45000 |
| 7 | KL 01AB 5614 | Hero Honda CD 100 Motor Cycle | 2003 | 2500 |
| 8 | KL 01AF 5370 | Tata Sumo | 2003 | 55000 |
| 9 | KL 01AD 1072 | Bullet M/Cycle | 2004 | 45000 |
| 10 | KL 01AD 1074 | Bullet M/Cycle | 2004 | 45000 |
| 11 | KL 01AD 1075 | Bullet M/Cycle | 2004 | 45000 |
| 12 | KL 01AD 1109 | Bullet M/Cycle | 2004 | 45000 |
| 13 | KL 01AF 3146 | Ashok Leyland Bus | 2004 | 150000 |
| 14 | KL 01AH 2584 | Baja] CT 100 Motor Cycle | 2005 | 2500 |
| 15 | KL 01AH 2598 | Bajaj CT 100 Motor Cycle | 2005 | 2500 |
| 16 | KL 01AH 6689 | Baja] CT 100 Motor Cycle | 2005 | 2500 |
| 17 | KL 01AH 6692 | Bajaj CT 100 Motor Cycle | 2005 | 2500 |
| 18 | KL 01AH 6695 | Bajaj CT 100 Motor Cycle | 2005 | 2500 |
| 19 | KL 01AH 6702 | Bajaj CT 100 Motor Cycle | 2005 | 2500 |
| 20 | KL 01AH 6707 | Bajaj CT 100 Motor Cycle | 2005 | 2500 |
| 21 | KL 01AH 6779 | Bajaj CT 100 Motor Cycle | 2005 | 2500 |
| 22 | KL 01AG 8336 | Bullet M/Cycle | 2005 | 45000 |
| 23 | KL 01AG 8338 | Bullet M/Cycle | 2005 | 45000 |

| | | | | |
|---|---|---|---|---|
| 24 | KL 01AK 5724 | Bullet M/Cycle | 2005 | 45000 |
| 25 | KL 01AS 3557 | Kinetic 4S Scooter | 2007 | 1500 |
| 26 | KL 01AS 3576 | Kinetic 4S Scooter | 2007 | 1500 |
| 27 | KL 01AS 3605 | Kinetic 4S Scooter | 2007 | 1500 |
| 28 | KL 01AS 3611 | Kinetic 4S Scooter | 2007 | 1500 |
| 29 | KL 01 AS 3615 | Kinetic 4S Scooter | 2007 | 1500 |
| 30 | KL 01 AS 3623 | Kinetic 4S Scooter | 2007 | 1500 |
| 31 | KL 01 AS 3633 | Kinetic 4S Scooter | 2007 | 1500 |
| 32 | KL 01 AS 3645 | Kinetic 4S Scooter | 2008 | 1500 |
| 33 | KL 01 AS 6131 | Bolero Invader | 2008 | 50000 |
| 34 | KL 01 AS 6184 | Bolero Invader | 2008 | 55000 |
| 35 | KL 01 AS 6224 | Bolero Invader | 2008 | 50000 |
| 36 | K~ 01 AS 6268 | Bolero Invader | 2008 | 50000 |

ദർഘാസ് സമർപ്പിക്കുന്നവർ ഏതെങ്കിലും ദേശ സാൽകൃത ബാങ്കിൽനിന്ന് കോഴിക്കോട് സിറ്റി ജില്ല പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കോഴിക്കോട് ശാഖയിൽ മാറാവുന്നതുമായ നിരതദ്രവ്യത്തിനു തുല്യമായ തുകയുടെ DD അടക്കം ചെയ്യേണ്ടതാണ്. കവറിനു മുകളിൽ "വാഹനങ്ങളുടെ പുനർലേലത്തിനുള്ള ദർഘാസ്" എന്ന് വ്യക്തമായി എഴുതേണ്ടതാണ്. കൂടാതെ വാഹനങ്ങളുടെ രജിസ്റ്റർ നമ്പരും ഇതോടൊപ്പം വ്യക്തമാക്കേണ്ടതാണ്. പരസ്യലേലം കഴിഞ്ഞയുടൻ ബന്ധപ്പെട്ടവരുടെ മുന്നിൽവെച്ച് ദർഘാസുകൾ തുറക്കുന്നതും പരസ്യലേലത്തിൽ അഥവാ ദർഘാസിൽ ഏതിലാണോ കൂടുതൽ തുക കാണിക്കുന്നത് അയാൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേലം കൊണ്ടയാൾ അപ്പോൾത്തന്നെ ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്ത് വെച്ചു അപ്പോൾത്തന്നെ അടച്ച് രസീതി വാങ്ങേണ്ടതാണ്. ബാക്കി സംഖ്യ നികുതി ഉൾപ്പെടെ ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് തിയ്യതി മുതൽ പത്ത് ദിവസത്തിനുള്ളിൽ അടച്ച് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വാഹനങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം കൊണ്ടയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും ടി വാഹനങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിന് ഏതെങ്കിലും നഷ്ടം സംഭവിച്ചാൽ ആ തുക മുൻ ലേലക്കാരിൽ നിന്നും ഈടാക്കുന്നതാണ്. പുനർ ലേലത്തിൽ കൂടുതൽ തുക ലഭിച്ചാൽ ആയതിനു മുൻ ലേലക്കാരന് യാതൊരുവിധ അർഹതയോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല.

ലേലത്തിനായി നിശ്ചയിച്ചിരിക്കുന്ന വാഹനങ്ങൾ ലേല തിയ്യതിക്ക് മുമ്പുള്ള പത്ത് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.00 മണി മുതൽ 5 മണി വരെയുള്ള ഏതെങ്കിലും സമയത്ത് ഡെപ്യൂട്ടി കമാണ്ടന്റിന്റെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. ഉചിതമെന്ന് തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിർത്തി വെക്കുന്നതിനും ലേലം /ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനും ലേല നടപടിക്രമങ്ങൾ റദ്ദ് ചെയ്യുന്നതിനും കോഴിക്കോട് സിറ്റി ജില്ല പോലീസ് മേധാവിക്ക് അധികാരമുണ്ടായിരിക്കും. ലേലം സംബന്ധിച്ച് കോഴിക്കോട് സിറ്റി ജില്ല പോലീസ് മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

George A V IPS
District Police Chief

To : 1.എല്ലാ പോലീസ് മേധാവികൾക്കും, എല്ലാ കമാണ്ടാന്റുകൾക്കും ആവശ്യമായ പരസ്യം നല്കുന്നതിലേക്കായി അയക്കുന്നു. 2.ഡെപ്യൂട്ടി കമാണ്ടാന്റ്, അസി. കമാണ്ടാന്റ് , മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ - ആംഡ് റിസർവ് കോഴിക്കോട് സിറ്റി എന്നിവർക്ക് അറിവിനും അനന്തര നടപടികൾക്കുമായി അയക്കുന്നു. 3.കോഴിക്കോട് സിറ്റി യിലെ എല്ലാ പോലീസ് ഓഫീസർമാർക്കും ആവശ്യമായ പരസ്യം നല്കുന്നതിലേക്കായി അയക്കുന്നു. 4.സൈബർ സെൽ, കോഴിക്കോട് സിറ്റി - കോഴിക്കോട് സിറ്റി പോലീസിന്റെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി അയക്കുന്നു.

Copy To : 1. കോഴിക്കോട് ജില്ല പബ്ലിക് റിലേഷൻസ് ഓഫീസർക്ക് പത്രമാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനായി

ആമുഖക്കത്ത് സഹിതം അയക്കുന്നു. 2. തിരുവനന്തപുരം ഗവണ്മേന്റ്റ് പ്രസ്സ് സൂപ്രണ്ടിന് 5 പകർപ്പ് ആമുഖക്കത്ത് സഹിതം ഗസറ്റ് വിജ്ഞാപനത്തിനായി അയക്കുന്നു.

Internal Administrative Processing System
iAPS
KERALA POLICE